**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4303** **06-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. അഡീഷണൽ ഡിമാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം ഈ നിയമം അനുസരിച്ച് നികുതി നിർണ്ണയത്തിലൂടെയും അല്ലാതെയും നേടിയെടുത്ത അഡീഷണൽ ഡിമാന്റ് എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ; | (എ) | അഡീഷണൽ ഡിമാൻഡ് തുകയിൽ നല്ലൊരു ശതമാനം ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യാത്തവരുടെ അസസ്സ്മെന്റുമായി ബന്ധപ്പെട്ടതാണ്. ജി.എസ്.ടി.-യിലെ നിലവിലെ സമ്പ്രദായത്തിൽ അസസ്സ്മെന്റ് പൂർത്തിയാക്കിയതിന് ശേഷം നിശ്ചിത സമയത്തിന് ശേഷം നികുതിദായകൻ റിട്ടേൺ ഫയൽ ചെയ്താലും അസസ്സ്മെന്റിലൂടെയുള്ള ഡിമാന്റ് അവശേഷിക്കും. ഇതിന് മാറ്റം വരുത്തുന്നതിനായി സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ഈ പ്രശ്നം ഉന്നയിക്കുകയും തുടർന്ന് 18-02-2023ൽ കൂടിയ ജി.എസ്.ടി. കൗൺസിൽ മീറ്റിംഗ് ഇക്കാര്യം ചർച്ച ചെയ്യുകയും ഉണ്ടായിട്ടുണ്ട്.<br><br>നടപ്പ് സാമ്പത്തിക വർഷം 30.11.2022 വരെ അഡ്ജ്യൂഡിക്കേഷനിൽ നിന്നും നേടിയെടുത്ത അഡീഷണൽ ഡിമാൻഡ് 420.83 കോടി രൂപയാണ്. ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത തുകയിൽ എത്ര രൂപ പിരിച്ചെടുക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | ജി.എസ്.ടി. കുടിശ്ശികയിൽ നിന്നും 11.16 കോടി രൂപ പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഇനത്തിൽ കുടിശിക തുക എത്ര വരുമെന്ന് വ്യക്തമാക്കാമോ; | (സി) | നടപ്പ് സാമ്പത്തിക വർഷം 30.11.2022 വരെ അഡ്ജ്യൂഡിക്കേഷനിൽ നിന്നും നേടിയെടുത്ത അഡീഷണൽ ഡിമാൻഡ് 420.83 കോടി രൂപയാണ്. അഡീഷണൽ ഡിമാൻഡ് തുകയിൽ നല്ലൊരു ശതമാനം ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യാത്തവരുടേതുമായി ബന്ധപ്പെട്ടതാണ്. ജി.എസ്.ടി.യിലെ നിലവിലെ സമ്പ്രദായത്തിൽ അസസ്സ്മെന്റ് പൂർത്തിയാക്കിയതിന് ശേഷം നിശ്ചിത സമയത്തിന് ശേഷം നികുതിദായകൻ റിട്ടേൺ ഫയൽ ചെയ്താലും അസസ്സ്മെന്റിലൂടെയുള്ള ഡിമാന്റ് അവശേഷിക്കും. |

| | | | |
|---|---|---|---|
| (ഡി) | കടിശിക പിരിച്ചെടുക്കുവാനുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | റവന്യൂ റിക്കവറി നടപടികൾക്കായുള്ള സോഫ്റ്റ്‌വെയർ ജി.എസ്.ടി. ബാക്ക് എൻഡിൽ ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ? | (ഇ) | ജി.എസ്.ടി നിയമപ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കാനുള്ള റിക്കവറി മൊഡ്യൂൾ സൗകര്യം മോഡൽ 2 ബാക്ക് ഓഫീസിൽ ലഭ്യമാണ്. റവന്യൂ അധികാരികൾ വഴിയുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് മോഡൽ 2 ബാക്ക് ഓഫീസിലെ റിക്കവറി മൊഡ്യൂൾ വഴി റിക്കവറി സർട്ടിഫിക്കറ്റ് തയ്യാറാക്കി ആർ.ആർ. ഓൺലൈൻ വഴി സമർപ്പിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ